**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3615** **08-10-2025 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിൽ വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്നവരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവർ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ദുരന്ത നിവാരണ (എ) വകുപ്പിന്റെ 29.10.2021 ലെ സ.ഉ.(കൈ)നം. 5/2021/ഡി.എം.ഡി. പ്രകാരം കാഞ്ഞിരപ്പള്ളി താലൂക്കിലെ 110 കുടുംബങ്ങളെയും മീനച്ചിൽ താലൂക്കിലെ 138 കുടുംബങ്ങളെയും നിലവിലെ സ്ഥലത്തുനിന്നും മാറ്റി പാർപ്പിക്കേണ്ടതും ഇവർക്ക് വസ്തു വാങ്ങി വീട് നിർമ്മിക്കുന്നതിന് ഒരു കുടുംബത്തിന് പത്ത് ലക്ഷം രൂപ വീതം നൽകേണ്ടതാണെന്നുമുള്ള റിപ്പോർട്ടിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (എ) | ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവർ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കാഞ്ഞിരപ്പള്ളി താലൂക്കിലെ 110 കുടുംബങ്ങളിൽ 15 കുടുംബങ്ങൾക്ക് വിവിധ സംഘടനകളുടെയും ഗ്രാമപഞ്ചായത്തിൽ നിന്നുമുള്ള ധനസഹായവും ഉപയോഗിച്ച് വാസയോഗ്യമായ ഭൂമിയും വീടും ലഭ്യമായിട്ടുള്ളതാണ്. ബാക്കിയുള്ള 95 കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭൂമി ഇല്ലാത്തതാണ്. മീനച്ചിൽ താലൂക്കിലെ 138 കുടുംബങ്ങളിൽ 17 പേർ ഭൂമി ആവശ്യമില്ലായെന്നു സത്യവാങ്മൂലം വില്ലേജ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. രണ്ടു താലൂക്കിലുമുള്ള ബാക്കി കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനും ടി കുടുംബങ്ങൾക്ക് വാസയോഗ്യമായ വേറെ വസ്തു നിലവിലുണ്ടോയെന്നുമുള്ള അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ